## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5879

09/07/2012 - ൽ മറുപടിക്ക്

### എഫ്.സി.ഐ. ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്ന അരി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. രാജു എബ്രഹാം | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| എ) | സംസ്ഥാനത്ത് അരി വില കുതിച്ചുയരുമ്പോഴും എഫ്.സി.ഐ. ഗോഡൗണുകളിൽ ഉൾപ്പെടെ ടൺ കണക്കിന് അരി പുഴുവരിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശാസ്ത്രീയമായ രീതിയിലാണ് എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ ബമ്പർ വിളവെടുപ്പുമൂലം സംഭരണ ശേഷിക്കു പുറമേയുള്ള ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കേണ്ടി വന്നതുമൂലം ഇവ വരാന്തകളിൽ സുരക്ഷിതമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് സൂക്ഷിച്ചിരിക്കുന്നത്. ചില സന്ദർഭങ്ങളിൽ റെയിൽ വാഗണുകളിൽ നിന്നും ലഭിക്കുന്ന നനഞ്ഞ ചാക്കുകൾ തുറന്ന് പരിശോധിച്ച്, എയിറേറ്റ് ചെയ്ത് കേടുപാടുകൾ നീക്കിയാണ് സൂക്ഷിക്കുന്നത്. എന്നിരിന്നാലും എഫ്.സി.ഐ. ഡിപ്പോകളിലെ ഭക്ഷ്യധാന്യങ്ങൾ കേടാകാനുള്ള സാധ്യത കുറവാണെന്ന് എഫ്.സി.ഐ. അധികൃതർ അറിയിച്ചിട്ടുണ്ട്. |
| ബി) | ഇതു സംബന്ധിച്ച് മലയാള പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | ജനറൽ മാനേജർ തലത്തിലുള്ള ഉന്നതതല ഉദ്യോഗസ്ഥ സംഘത്തെ സംസ്ഥാനത്തെ വിവിധ എഫ്.സി.ഐ. ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം പരിണശോധിക്കുന്നതിനും, വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി നിയോഗിച്ചിട്ടുണ്ടെന്ന് എഫ്. സി.ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. |
| സി) | അറ്റകുറ്റപണി നടത്താതിരുന്നതിനാൽ ഗോഡൗണുകളിലെ ചോർച്ചയെ തുടർന്ന് പലയിടത്തും അരി ചീഞ്ഞു തുടങ്ങിയിരിക്കുന്നതായ വാർത്തകളുടെ വസ്തുത വിലയിരുത്തിയിട്ടുണ്ടോ; | (സി) | എഫ്.സി.ഐ. ഗോഡൗണുകളുടെ അറ്റകുറ്റപണികളുടെ കുറവുമൂലം ഭക്ഷ്യധാന്യങ്ങൾ കേടുവന്നതായുള്ള വാർത്ത അടിസ്ഥാനരഹിതമാണെന്ന് എഫ്.സി.ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ? | (ഡി) നിലവിലെ സാഹചര്യത്തിൽ സർക്കാർ ഇടപെടൽ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ